**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5812** **08-11-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിലെ അസംസ്കൃതവസ്തുക്കളുടെ അഭാവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി മേഖലയിലെ അസംസ്കൃതവസ്തുക്കളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | കൈത്തറി മേഖലയ്ക്ക് ആവശ്യമായ നൂൽ, ചായം മറ്റ് രാസവസ്തുക്കൾ എന്നിവ വാങ്ങി സംഭരിച്ച് വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്ത് 6 "യാൺ ബാങ്കുകൾ" പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഹാന്റക്സ്, ഹാൻവീവ് എന്നിവയും മേൽ സൂചിപ്പിച്ച പ്രവർത്തികൾ നിർവ്വഹിക്കുന്നുണ്ട്. നെയ്ത്തുകാരുടെ ആവശ്യത്തിനനുസരിച്ച് വിവിധ കൗണ്ടുകളിലുള്ളതും ഗുണമേന്മയുള്ളതുമായ നൂലുകൾ "യാൺ ബാങ്കുകൾ" സംഭരിക്കുന്നു. അസംസ്കൃത വസ്തുക്കളായ നൂൽ, ചായം, രാസവസ്തുക്കൾ എന്നിവ ന്യായമായ വിലയ്ക്ക് യാൺ ബാങ്കുകൾ വഴി യഥാസമയം ലഭ്യമാക്കുന്നതിന് കഴിനൂൽ സബ്സിഡിയും, ഡൈസ് ആന്റ് കെമിക്കൽസ് സബ്സിഡിയും നൽകി വരുന്നു. കൂടാതെ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകി വരുന്നു. ഇപ്രകാരം ലഭ്യമാകുന്ന നൂൽ ഉപയോഗിച്ച് ഗുണമേന്മയുള്ള തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് നെയ്ത്തുകാർക്ക് സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ